**ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം**
**വഞ്ചിയൂർ.പി.ഒ., തിരുവനന്തപുരം. പിൻ - 695035**
**ഫോൺ: 0471 2302490 വെബ്സൈറ്റ്: www.dhs.kerala.gov.in**
**ഇ-മെയിൽ: dhskerala@gmail.com, dhskerala.hsd@kerala.gov.in**

നം: **DHS/19218/2025-EB1** തീയതി: **27-03-2026**

## <u>സർക്കുലർ</u>

വിഷയം:-ആവഡ-സൂപ്പർ സ്പെഷ്യാലിറ്റി യോഗ്യത നേടിയ മെഡിക്കൽ ആഫീസർമാരുടെ വിവരങ്ങൾ ശേഖരിക്കുന്നത് സംബന്ധിച്ച്:-

സൂചന:- 1. 17.01.2026 തീയതിയിലെ ഇതേ നമ്പർ സർക്കുലർ
2. സർക്കാർ കത്ത് നം. A1/118/2026-HEALTH തീയതി 13.03.2026

G.O(Ms) No. 436/2025/H&FWD dated 23.12.2025 പ്രകാരം സൃഷ്ടിച്ച സൂപ്പർ സ്പെഷ്യാലിറ്റി തസ്തികകളിലേയ്ക്ക് നിയമനം നല്കുന്നതിനായി 25.08.2022 ന് ശേഷം സൂപ്പർ സ്പെഷ്യാലിറ്റി യോഗ്യത നേടിയതും സൂപ്പർ സ്പെഷ്യാലിറ്റി കേഡറിലേയ്ക്ക് ഓപ്ഷൻ സമർപ്പിക്കാൻ താല്പര്യമുള്ളവരുമായ മെഡിക്കൽ ആഫീസർമാരുടെ വിവരങ്ങൾ നല്കുന്നതിനായി സൂചന (1) പ്രകാരം സർക്കുലർ നല്കിയിരുന്നെങ്കിലും കാർഡിയോളജി വിഭാഗത്തിൽ 3 പേരും ന്യൂറോളജി വിഭാഗത്തിൽ 2 പേരും ഗ്യാസ്ട്രോഎന്ററോളജി വിഭാഗത്തിൽ 2 പേരും കാർഡിയോ തൊറാസിക് വിഭാഗത്തിൽ ഒരാളും മാത്രമാണ് വിവരങ്ങൾ നല്കിയത്.

സൂപ്പർ സ്പെഷ്യാലിറ്റി കേഡറിലെ കൺസൾട്ടന്റ് തസ്തികയിലെ ഒഴിവുകൾ നികത്തുന്നതിന് യോഗ്യരായ മെഡിക്കൽ ആഫീസർമാർ ആരോഗ്യ വകുപ്പിൽ ഇല്ലാത്ത സാഹചര്യത്തിൽ പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് പി.എസ്.സി മുഖേന നേരിട്ടുള്ള നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് എന്ന് സൂചന (2) പ്രകാരം സർക്കാർ അറിയിച്ചിരിക്കുന്നു. എന്നാൽ ഒഴിവുകൾ പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് മുൻപായി സർവീസിലുള്ള, യോഗ്യതകൾ ഉള്ള, താല്പര്യമുള്ള ഒരാൾ പോലും ഒഴിവായി പോയിട്ടില്ല എന്ന് കർശനമായും ഉറപ്പു വരുത്തേണ്ടതാണെന്നു കൂടി സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ നിലവിൽ ആരോഗ്യ വകുപ്പിൽ സേവനമനുഷ്ഠിക്കുന്നതോ ഏതെങ്കിലും അംഗീകൃത അവധിയിൽ പ്രവേശിച്ചിരിക്കുന്നതോ ആയ നിശ്ചിത യോഗ്യതയുള്ളതും സൂപ്പർ

സ്പെഷ്യാലിറ്റി കേഡറിലേയ്ക്ക് ഓപ്ഷൻ സമർപ്പിക്കാൻ താല്പര്യമുള്ളവരുമായ മെഡിക്കൽ ആഫീസർമാർ ഉണ്ടെങ്കിൽ ടി വിവരം **13.04.2026** ന് മുൻപായി യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ സഹിതം ഉചിത മാർഗ്ഗേന ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതാണ്. ഒഴിവുകൾ പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുള്ളതിനാൽ വിവരങ്ങൾ നല്കാത്ത മെഡിക്കൽ ആഫീസർമാർക്ക് ഓപ്ഷൻ സമർപ്പിക്കുന്നതിന് ഇനിയും ഒരു അവസരം നല്കുന്നതല്ല എന്ന് അറിയിക്കുന്നു.

Digitally signed by
Reena K J
Date: 27-03-2026
11:08:57

**ആരോഗ്യ വകുപ്പ് ഡയറക്ടർ**

ഉള്ളടക്കം:

1. എല്ലാ ജില്ലാ മെഡിക്കൽ ആഫീസർക്കും
2. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ വെബ്സൈറ്റ്